LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, അത്തരത്തിൽ വികേന്ദ്രീകൃതമായി നടത്തുന്നതിന് ഇപ്പോൾ തന്നെ അനുവാദം നൽകിയിട്ടുണ്ട്. ജില്ലകളിൽ ഇപ്പോൾ നടത്തുന്നത് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ടൂറിസം പ്രൊമോഷൻ കൗൺസിലുകളാണ്. ബഹുമാനപ്പെട്ട എം.എൽ.എ. മാരെല്ലാം അതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. ഇത്തവണത്തെ ഓണാഘോഷത്തിന്റെ ഏറ്റവും വലിയ പ്രത്യേകത, 2010 ഒക്ടോബറിൽ നടക്കുന്ന കോമൺ വെൽത്ത് ഗെയിംസിന്റെ ക്യൂൻസ് ബാറ്റൺ വരുന്നുണ്ടെന്നുള്ളതാണ്. ഓഗസ്റ്റ് 26-ാം തീയതി ക്യൂൻസ് ബാറ്റൺ വരുമ്പോൾ ഓണാഘോഷ വേദിയിൽ വച്ചാണ് വരവേൽക്കുന്നത്. ആ രൂപത്തിലുള്ള വലിയൊരു പ്രത്യേകത ഇത്തവണത്തെ ഓണാഘോഷത്തിനുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ ദർശനമൊക്കെ കൊള്ളാം. പക്ഷേ ഒന്നരക്കോടി രൂപ ചെലവഴിക്കുന്നു, അതിൽ എറണാകുളത്തും കോഴിക്കോട്ടും 25 ലക്ഷം രൂപവച്ച് കൊടുക്കുന്നു, മറ്റ് പല ജില്ലകളിലും ഒരുലക്ഷമോ ഒന്നര ലക്ഷമോ രൂപ കൊടുക്കുന്നു. ഇവിടെ ഡിസ്ക്രിമിനേഷനാണ് കാണുന്നത്. ഇത് തിരുവോണമല്ലേ ? 140 നിയോജകമണ്ഡലങ്ങളുടേയും ആസ്ഥാനങ്ങളിൽ തിരുവോണത്തിന്റെ ഉത്സവം ഒരു വലിയ ആഘോഷമാക്കാൻ ഗവൺമെന്റ് പ്രത്യേകമായി മുൻകയ്യെടുക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ഇന്ന് നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. 140 നിയോജകമണ്ഡലങ്ങളിൽ മാത്രമല്ല, കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഇത് ഏറ്റെടുത്ത് നടത്തുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 483

ഇൻഫർമേഷൻ കേരള മിഷൻ

3(*483) ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) തദ്ദേശ സ്ഥാപനങ്ങളെ പരസ്പരം കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഇ) സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(എഫ്) മരാമത്തുപണികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള സോഫ്ട്‌വെയർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) കേരളത്തിലെ 1223 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ പ്ലാനിംഗ് ഓഫീസുകൾ, അർബൻ അഫയേഴ്സ് - പഞ്ചായത്ത് വകുപ്പുകളുടെ ഡയറക്ടറേറ്റുകൾ, ജില്ലാ റീജിയണൽ ഓഫീസുകൾ എന്നിവയിൽ ഇ-ഗവേണൻസ് നടപ്പിലാക്കുക എന്നതാണ് ഇൻഫർമേഷൻ കേരളാ മിഷന്റെ പ്രധാന ഉദ്ദേശം.

(ബി) കഴിഞ്ഞ വർഷം ഇൻഫർമേഷൻ കേരളാ മിഷൻ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

സാമൂഹ്യ സുരക്ഷ പെൻഷൻ കമ്പ്യൂട്ടർവത്ക്കരിച്ച് 757 പഞ്ചായത്തുകളിലും എല്ലാ നഗരസഭകളിലും ഇലക്ട്രോണിക് മണി ഓർഡർ മുഖേന വിതരണത്തിന് സംവിധാനം തയ്യാറാക്കി.

മരാമത്തു പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സുഗമ സോഫ്റ്റ്‌വെയർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വിന്യസിച്ചു

വസ്തുനികുതി വിവരങ്ങൾ തദ്ദേശ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്ന പ്രവർത്തനം തിരുവനന്തപുരം നഗരസഭയിൽ പൂർത്തീകരിച്ചു.

എല്ലാ നഗരസഭകളുടേയും (കഡസ്ട്രൽ അടിസ്ഥാനത്തിലുള്ള) ഭൂപടങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കി.

(സി) ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

(1) ജനന മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള സംവിധാനം

(2) പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിന്റെ കമ്പ്യൂട്ടർവത്ക്കരണം.

LIBRARY ARCHIVES Kerala Legislative Assembly

(3) മരാമത്തു പണികളുടെ എസ്റ്റിമേറ്റ് കമ്പ്യൂട്ടറിലൂടെ തയ്യാറാക്കുന്നതിനുള്ള നടപടി.

(4) പഞ്ചായത്തുകളിലേയും നഗരസഭകളിലേയും റവന്യൂ സംവിധാനങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കും.

(5) ഇലക്ട്രോണിക് പേമെന്റ് മുഖേന കെട്ടിട നികുതി ഇന്റർനെറ്റിലൂടെ അടയ്ക്കുന്നതിനുള്ള സംവിധാനം.

(6) മൊബൈൽ ഗവേണൻസ് സംവിധാനം

(ഡി) തദ്ദേശ സ്ഥാപനങ്ങളെ സംസ്ഥാന ഇ-ഗവേണൻസ് ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കാൻ ബി.എസ്.എൻ.എൽ.-ലുമായി ചേർന്ന് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് മൂന്നുമാസംകൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കമ്പ്യൂട്ടർ ഉപയോഗിച്ച് ഇലക്ട്രോണിക് മണി ഓർഡർ മുഖേന വിതരണം ചെയ്യുന്നതിനുള്ള "സേവന പെൻഷൻ" സോഫ്റ്റ്വെയർ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും വിന്യസിച്ചിട്ടുണ്ട്. എല്ലാ നഗരസഭകളിലും (2009) മുതൽ 833 ഗ്രാമപഞ്ചായത്തുകളിലും കമ്പ്യൂട്ടർ ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്തുവരുന്നു.

(എഫ്) മരാമത്തു പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള "സുഗമ" സോഫ്റ്റ്വെയർ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വിന്യസിച്ചിട്ടുണ്ട്.

ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, 1997-ലെ എൽ.ഡി. എഫ്. ഗവൺമെന്റിൽ അങ്ങുതന്നെയായിരുന്നു മന്ത്രി. ഇൻഫർമേഷൻ കേരളാ മിഷൻ പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്താൻവേണ്ടി ആരംഭിച്ച പദ്ധതിയാണ്. എന്നാൽ യു.ഡി.എഫ്. ഭരണ കാലത്ത് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ഇപ്പോൾ 1200-ഓളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 833-ഓളം ഗ്രാമപഞ്ചായത്തുകളിലും അതുപോലെ നഗരസഭകളിലും ഈ പദ്ധതി നല്ല രൂപത്തിൽ മുന്നോട്ടുപോകാൻ കഴിഞ്ഞതിലുള്ള അഭിനന്ദനം അറിയിക്കുകയാണ്. ത്രിതല പഞ്ചായത്തുകളിലേയും നഗരസഭകളിലേയും അഴിമതിക്കെതിരായ പോരാട്ടം ഗവൺമെന്റിന്റേയും അങ്ങയുടേയും ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. കെട്ടിട നിർമ്മാണത്തിന്റെ പെർമിറ്റ് നൽകുന്നതിന്റെ കമ്പ്യൂട്ടർവത്ക്കരണത്തെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കലിൽ ഏറ്റവും കൂടുതൽ അഴിമതി നിലനിൽക്കുന്നു. ഇത് പരിഹരിക്കുന്നതിന് ഇൻഫർമേഷൻ കേരളാ മിഷൻ എത്രത്തോളം സഹായകമായിയെന്ന് വിശദീകരിക്കാമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, തദ്ദേശ സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതലായി കാണുന്ന തെറ്റായ പ്രവണത കെട്ടിടനിർമ്മാണ പെർമിറ്റ് കൊടുക്കുന്ന കാര്യത്തിലാണ്. അത് കുറച്ചുകൂടി സുതാര്യമാക്കാനും അതിന്റെ വസ്തുതകൾ അപ്പപ്പോൾ ജനങ്ങൾക്ക് മനസ്സിലാക്കത്തക്കവണ്ണമുള്ള സംവിധാനമാണ് ഇപ്പോൾ കൊണ്ടുവന്നത്. അത് വരുന്നതോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഈ രംഗത്തുള്ള പ്രവണതയ്ക്ക് കാര്യമായ പരിഹാരം കാണാനാവുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവത്ക്കരണത്തെക്കുറിച്ച് അങ്ങ് ധാരാളം പറഞ്ഞു. ഇവിടെ നടന്ന കാര്യങ്ങൾ സംബന്ധിച്ചും പറഞ്ഞു. ബഹുരാഷ്ട്ര കുത്തക കമ്പനികൾ, വിദേശ കമ്പനികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണത്തെ അങ്ങേയറ്റം ചൂഷണം ചെയ്യുന്നതായി പറഞ്ഞുകേൾക്കുന്നു. തിരുവനന്തപുരം കോർപ്പറേഷനിലെ കമ്പ്യൂട്ടർവത്ക്കരണത്തിന് ഏതാണ്ട് അഞ്ചു ലക്ഷം രൂപയാണ് ഐ.കെ.എം. വാങ്ങിയത്. അതേസമയം കൊച്ചിയിൽ ഒരു ബഹുരാഷ്ട്ര കുത്തക കമ്പനി ഇപ്പോൾ ചോദിക്കുന്നത് ഒമ്പത് കോടി രൂപയാണ്. ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, അങ്ങനെയുള്ള ചില അനുഭവങ്ങളുണ്ടായിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നയുടൻ തിരുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ബഹുമാനപ്പെട്ട മെമ്പർ അല്പം മുമ്പ് ഉന്നയിച്ച പ്രശ്നത്തോട് സമാനതയുള്ള ഒരു ചോദ്യമാണ് എനിക്ക് ചോദിക്കാനുള്ളത്. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമെല്ലാം പ്ലാൻ സ്വീകരിക്കുന്നതിന് ഓൺലൈൻ സംവിധാനം നടപ്പാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അത് വ്യാപിപ്പിക്കാൻ പോകുന്നത് വളരെ സ്വാഗതാർഹമായ കാര്യമാണ്. പക്ഷേ ഇതിനായി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്വെയർ ലിനക്സ് അനുസരിച്ചുള്ളതല്ല. മൈക്രോസോഫ്റ്റിന്റെ ഓട്ടോകാഡ് എന്ന ടെക്നോളജി സപ്പോർട്ട് ചെയ്യുന്ന ഒരു സോഫ്റ്റ്വെയറാണ് ഇപ്പോൾ പൂനയിലുള്ള ഒരു കമ്പനി ഡെവലപ് ചെയ്തിരിക്കുന്നത്. ഈ സോഫ്റ്റ്വെയർ പർച്ചേസ് ചെയ്യണമെങ്കിൽ ലക്ഷത്തോളം രൂപ വിലയാകും. അപ്പോൾ കോടികൾ ഈ മൈക്രോസോഫ്റ്റിന് ലഭ്യമാകുന്ന ഒരു സാഹചര്യമുണ്ടാകും. നമുക്ക് പ്ലാൻ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്വെയർ ഫ്രീ സോഫ്റ്റ്വെയർ ആയിക്കൂടേ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. അത് പരിശോധിക്കാം.

ശ്രീ. രാജു എബ്രഹാം : സർ, ജനന/മരണ/വിവാഹ സർട്ടിഫിക്കറ്റുകൾ കിട്ടുന്ന കാര്യത്തിൽ വലിയ അഴിമതി പഞ്ചായത്തുകളിൽ നിലനിൽക്കുന്നുണ്ട്. ഇത് ഓൺലൈൻ ആക്കുവാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ആ നടപടി ത്വരിതപ്പെടുത്തുന്നുണ്ടെന്നാണ് ഇവിടെ സൂചിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly